LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവുകൾ, ബഹു. സുപ്രീംകോടതിയുടെ അലോട്ട്മെന്റ് ഷെഡ്യൂൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം നടത്തിയത്. സർക്കാരുമായി കരാറിൽ ഏർപ്പെട്ട സ്വകാര്യ-സ്വാശ്രയ മാനേജുമെന്റുകളുടെ കോളേജുകളിലെ 50% സീറ്റുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

(ബി)

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.

2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.

3. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, മുക്കം, കോഴിക്കോട്.

4. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ

5. കരുണാ മെഡിക്കൽ കോളേജ്, പാലക്കാട് എന്നീ സ്ഥാപനങ്ങളാണ് സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാരുമായി ധാരണയിലെത്തുകയോ, ധാരണാപത്രം ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിലാണ് സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയിട്ടുള്ളത്.

(സി) 2015-16 അദ്ധ്യയന വർഷം സർക്കാർ/സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശന നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

(ഡി) സാമൂഹികനീതി മുൻനിർത്തി സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.ടി. പി. അഷ്റഫിന്റെ അധിക ചുമതല

116 (2668) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ലെ മെഡിക്കൽ വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം മെഡിക്കൽ കോളേജ് അദ്ധ്യാപകരെ തീവ്രരോഗിപരിചരണത്തിനും പൂർണ്ണ സമയ അദ്ധ്യാപന

ത്തിനുമല്ലാതെ മറ്റ് വകുപ്പുകളുടെ അഡ്ഡിനിസ്ട്രേറ്റീവ് അധിക ചുമതല നിർവ്വഹിക്കുന്നതിന് നിയോഗിച്ചിട്ടുണ്ടോ ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ടി. പി. അഷ്റഫിനെ ഇത്തരത്തിൽ എന്തെങ്കിലും ചുമതലകൾ സർക്കാർ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(സി) ഡോ. ടി. പി. അഷ്റഫിന് എം.സി.എച്ച്.-ൽ എന്തെല്ലാം ചുമതലകളാണ് ഉണ്ടായിരുന്നത് ; അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിന് എന്ത സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) 1-2-2012 മുതൽ 30-11-2014 വരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് ഇദ്ദേഹം എത്ര തുക കൈപ്പറ്റിയിട്ടുണ്ട് ; എത്ര ദിവസത്തെ അറ്റൻഡൻസ് ഉണ്ട്; അറ്റൻഡൻസ് രജിസ്റ്ററിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് അദ്ധ്യാപകരെ തീവ്രരോഗി പരിചരണത്തിനും പൂർണ്ണസമയ അദ്ധ്യാപനത്തിനുമല്ലാതെ ആശുപത്രികളുടെയും കോളേജിന്റെയും ഭരണപരമായ ചുമതലകളും ഏൽപ്പിക്കാറുണ്ട്. മറ്റ് വകുപ്പുകളിലേക്ക് സാധാരണയായി നിയമിക്കാറില്ല.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. ടി. പി. അഷ്റഫിനെ 31-1-2012-ലെ സ.ഉ.(സാധാ) നമ്പർ 57/2012/എസ്.ഡബ്ല്യൂ.ഡി. 14-5-2012/ലെ സ.ഉ.(സാധാ) നമ്പർ 1606/2012 ആ.കാ.വ. ഉത്തരവുകൾ പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. ആഴ്ചയിൽ പകുതി ദിവസം തിരുവനന്തപുരത്തും പകുതി ദിവസം കോഴിക്കോട് മെഡിക്കൽ കോളേജിലുമായാണ് അദ്ദേഹം ജോലി നിർവ്വഹിക്കുന്നത്.

(സി) അദ്ധ്യാപനം, രോഗികളുടെ പരിചരണം എന്നിവയാണ് മെഡിക്കൽ കോളേജിൽ ഡോ. അഷ്റഫിനുള്ള ചുമതല. ഈ ചുമതലകൾ അദ്ദേഹം നിർവ്വഹിക്കുന്നു. കൂടാതെ ഈ കാലയളവിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ തീസിസ് ഗൈഡിന്റെ ചുമതലയും നിർവ്വഹിച്ചുവരുന്നു. വകുപ്പുതലവൻ യൂണിറ്റ് ചീഫായ ഒന്നാമത്തെ യൂണിറ്റിലാണ് ഡോ. ടി. പി. അഷ്റഫിനെ പോസ്റ്റ് ചെയ്തിരിക്കുന്നത്. ഡോ. അഷ്റഫിന് അധിക ചുമതല നൽകിയതിന് പകരമായി മറ്റാരെയും നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1-2-12 മുതൽ 30-11-2014 വരെ ഡോ. അഷ്റഫ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും കൈപ്പറ്റിയ യുക സംബന്ധിച്ച ലിസ്റ്റും ഇതേ കാലയളവിലെ അറ്റൻഡൻസ് രജിസ്റ്ററിന്റെ കോപ്പിയും അനുബന്ധമായി ചേർക്കുന്നു.*

2014-ലെ മെഡിക്കൽ പ്രവേശനം

117 (2670) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ M.B.B.S.-B.D.S. പ്രവേശനം അവതാളത്തിലാവുകയും നൂറുകണക്കിന് ഗവൺമെന്റ് സീറ്റുകൾ ലാപ്സാവുകയും ചെയ്യാനിടയായതിന്റെ ഉത്തരവാദിത്വം വിശകലനം ചെയ്തിട്ടുണ്ടോ ;

(ബി) അഡ്മിഷൻ പ്രക്രിയകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ വിമുഖത കാണിച്ചതിനെ തുടർന്ന് വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) യഥാസമയം സർക്കാരിലേക്ക് സീറ്റുകൾ വിട്ടുകൊടുക്കാതെ അനാവശ്യമായ കാലതാമസമുണ്ടാക്കുകയും അന്യായമായ നിലപാടുകൾ എടുക്കുകയും ചെയ്ത സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;?

ഉത്തരം

(എ) 2014-15 എം.ബി.ബി.എസ്/ബി.ഡി.എസ്. പ്രവേശനത്തിന്റെ ഭാഗമായി നടത്തിയ അവസാനഘട്ട അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനകം പ്രവേശനം നേടാതെ വന്നതുവഴിയും, അവസാനഘട്ട അലോട്ട്മെന്റിനുശേഷം വിദ്യാർത്ഥികൾ കോളേജുകളിൽ നിന്നും വിടുതൽ നേടിയ തുവഴിയും സീറ്റുകൾ ലാപ്സായിട്ടുണ്ട്. സീറ്റുകൾ പാഴാക്കാനുള്ള സാഹചര്യം സൃഷ്ടിച്ച വിദ്യാർത്ഥികൾക്കെതിരെ പ്രോസ്പെക്ടസ് വ്യവസ്ഥകൾക്കനുസരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ബഹു. സുപ്രീംകോടതി നിശ്ചയിട്ടുള്ള വ്യവസ്ഥകളും സമയക്രമവും അനുസരിച്ചാണ് സംസ്ഥാനത്തും അഡ്മിഷൻ പ്രക്രിയകൾ നടത്തിയിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly